**Before the Honourable Chairman, Kerala State Pollution Control Board.**

Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Ph: 8281638261, 2414880
Email: art@art-artist.in

3.6.2017

Sir,

**<u>സ്വഭവനത്തിൽ സ്വൈരമായി കഴിയാനുള്ള മനുഷ്യാവകാശം</u>**

എന്റെ അപേക്ഷ സ്വീകരിച്ച് അടിയന്തിരമായി നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Noise Pollution (Regulation and Control) Rules പ്രകാരം മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോളാമ്പികൾ ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുള്ളതും, അതു പ്രകാരം പല ആരാധനാലയങ്ങളിലും അവയുടെ ഉപയോഗം സംപൂർണ്ണമായും നിർത്തുകയും ചെയ്തു. എന്നാൽ 17 വർഷമായിട്ടും ടി ഉത്തരവിനെ തെല്ലും വകവയ്ക്കാതെ ധിക്കാരപൂർവ്വം കോളാമ്പികൾ ഉപയോഗിച്ച് പൊതുജനങ്ങളെ ദ്രോഹിക്കുന്ന വളരെ ന്യൂനപക്ഷമായ കുറേ സാമൂഹ്യദ്രോഹികളും ഈ സമൂഹത്തിൽതന്നെ ഉണ്ട്. പൊതുജനങ്ങളുടെ നന്മയ്ക്കോ ആരോഗ്യസംരക്ഷണത്തിനോ യാതൊരു മൂല്യവും കൽപ്പിക്കാത്ത സ്വാർത്ഥ താൽപ്പര്യക്കാരായ ഈ സാമൂഹ്യ/രാജ്യ ദ്രോഹികൾക്കെതിരെ നടപടിയെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ അടുത്ത കാലത്ത് നിയമവിരുദ്ധമായ ഉച്ചഭാഷിണിയുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. പ്രത്യേകിച്ച് ബഹു. സുപ്രീം കോടതി കർശന നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതും ജനങ്ങൾ ഗാഢനിദ്രയിലായിരിക്കുന്നതുമായ സമയത്ത് (3am-3:30am & 5am-6am) ബഹു. സുപ്രീം കോടതി നിരോധിച്ചിട്ടുള്ള കോളാമ്പികൾ ഉപയോഗിച്ചുള്ള മന:പ്പൂർവ്വമായ public nuisance (Read Quote-2).

സമൂഹത്തിൽ അശാന്തിയും ഭീതിയും വളർത്തി, അന്ധവിശ്വാസികളേയും, പാപികളേയും, ഭീരുക്കളേയും ചൂഷണം ചെയ്ത് സ്വന്തം കീശയും പള്ളയും വീർപ്പിക്കുക എന്നത് ജീവിതമാർഗ്ഗമാക്കിയ കേവലം ന്യൂനപക്ഷമായ ഈ സാമൂഹ്യ/രാജ്യ ദ്രോഹികൾ എല്ലാ വിഭാഗങ്ങളിലേയും ആരാധനാലയങ്ങൾ കൈയ്യടക്കി അതിന്റെ മറവിൽ മനുഷ്യാവകാശ ലംഘനം നടത്തി ആബാലവൃദ്ധജനങ്ങളേയും ദ്രോഹിക്കുന്നത് പതിവാക്കിയിരിക്കുകയാണ്.

മന്ത്രവും പ്രാർത്ഥനയും പവിത്രമാണ്, ശുദ്ധിയായി തയ്യാറെടുപ്പോടെ വരുന്നവർക്ക് മാത്രം പവിത്രസ്ഥാനങ്ങളിൽ ഇരുന്ന് കേൾക്കാനുള്ളതാണവ. അല്ലാതെ ടോയിലറ്റ് പോലുള്ള ഇടങ്ങളിൽ ഇരിക്കുന്നവരേയും, അശുദ്ധ കർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരേയും, കേൾക്കാൻ താൽപ്പര്യമില്ലാത്തവരേയും കോളാമ്പിയിലൂടെ തൊള്ളകീറി വിളിച്ച് കാതുകളിൽ അടിച്ചേൽപ്പിക്കാൻ ഒരു മതഗ്രന്ഥവും പറയുന്നില്ല (Read Quote-3). അന്ധവിശ്വാസികളേയും, പാപികളേയും, ഭീരുക്കളേയും ചൂഷണം ചെയ്ത് അവരുടെ ധനം തട്ടിയെടുക്കാനുള്ള ആർത്തി മൂലമുണ്ടായ പരിഷ്കാരം മാത്രമാണ് ഈ social evil. ഇതിന് എന്തെങ്കിലും നല്ല ഫലം ഉണ്ടായിരുന്നെങ്കിൽ അക്രമങ്ങൾക്കും, അശാന്തിയ്ക്കും, ഇന്ന് ലോകത്ത് പലരാജ്യങ്ങളിലും നടക്കുന്ന യുദ്ധങ്ങൾക്കും പകരം ശാന്തിയും സമാധാനവും ഉണ്ടാവുകയും, കുറ്റവാളികളുടെ എണ്ണം വർദ്ധിക്കുന്നതിന് പകരം കുറയുകയും ചെയ്യുമായിരുന്നു. അങ്ങിനെ അല്ലാത്തതിനാൽ ഈ public nuisance ശുദ്ധതട്ടിപ്പാണെന്ന് വിശ്വസിക്കുകയേ നിവർത്തിയുള്ളൂ. സതി, ശിശുവിവാഹം, പൊതുസ്ഥലങ്ങളിലെ പുകവലി തുടങ്ങി പല social evils ഉം നിയന്ത്രിക്കാമെങ്കിൽ, ഈ social evil നെതിരെയുള്ള ബഹു. കോടതി ഉത്തരവ് നടപ്പാക്കാനും കഴിയണം.

**അതിനായി അതാത് പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിൽ സ്ഥിരമായി സ്ഥാപിച്ചിട്ടുള്ള കോളാമ്പികളുടെ ലിസ്റ്റ് തയ്യാറാക്കുകയും, ബഹു. സുപ്രീം കോടതിയുടെ ടി**

**ഉത്തരവ് നടപ്പാക്കുന്നതിന്, കോളാമ്പികൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ അധികാരി തന്നെ മുൻകൈയ്യെടുത്ത് കോളാമ്പികളുടെ ഉപയോഗം ക്രമേണ ഇല്ലാതാക്കേണ്ടതും കാലക്രമേണ അവ ഇളക്കിമാറ്റേണ്ടതാണെന്നും കാണിച്ച് സമയബന്ധിതമായ നോട്ടീസ് അയക്കേണ്ടതും പോലീസ് അതീവ നിരീക്ഷണത്തിൽ വയ്ക്കേണ്ടതും ആണ്. അതിനുശേഷം ടി സമയപരിധിയ്ക്കുള്ളിൽ ടി നിർദ്ദേശം വക വയ്ക്കാതെ "A loudspeaker or a public address system shall not be used except after obtaining written permission from the authority" (Read Quote-2) എന്നത് ലംഘിച്ച് കോളാമ്പികൾ ഉപയോഗിക്കുന്നതായി പോലീസിന്റെ ശ്രദ്ധയിൽ പെടുകയോ, വിവരം anonymous ആയി ലഭിക്കുകയോ ചെയ്യുകയാണെങ്കിൽ, ഉടൻ ചെന്ന് അത് നിർത്താൻ മുതിരാതെയും, സംഘർഷത്തിന് യാതൊരവസരവും നൽകാതെയും, ട്രാഫിക് നിയമം ലംഘിക്കുന്നവർക്കെതിരെ നടപടിയെടുത്ത് കോടിക്കണക്കിന് രൂപ പിഴയീടാക്കാൻ കഴിഞ്ഞ തരത്തിലുള്ള ഹൈടെക് സംവിധാനങ്ങൾ സജ്ജീകരിച്ച് കോടതിയിൽ പരാജയപ്പെടാത്തവിധം യാതൊരുപഴുതും ഇല്ലാത്ത തെളിവ് ശേഖരിച്ച്, പിഴ ചുമത്തിക്കൊണ്ടുള്ള നോട്ടീസ് ടി സ്ഥാപനത്തിലെ അധികാരിക്ക് അയക്കുകയും ചെയ്യേണ്ടതാണ്. കുറ്റം ആവർത്തിക്കുകയാണെങ്കിൽ പിഴ തുക വദ്ധിപ്പിക്കുകയും മറ്റു ശിക്ഷാനടപടികൾ കൂടി സ്വീകരിക്കേണ്ടതും, അങ്ങനെ കോളാമ്പികളുടെ നിരോധനം പൂർണ്ണമായും നടപ്പാക്കേണ്ടതുമാണ്. ഇത് ആബാലവൃദ്ധജനങ്ങളേയും ബാധിക്കുന്ന ആരോഗ്യപ്രശ്നമാണ്, ആയതിനാൽ ആരാധന, മതവികാരത്തിൽ വൃണമുണ്ടാകും എന്നിങ്ങനെയുള്ള പതിവ് ഉമ്മാക്കിയും തട്ടിപ്പും കൊണ്ട് ഈ ദൗത്യത്തെ പരാജയപ്പെടുത്താൻ ശ്രമിച്ചാൽ ടി സാമൂഹ്യ/രാജ്യ ദ്രോഹികൾക്കെതിരെ ശക്തമായ മറ്റു നിയമനടപടികളും സ്വീകരിച്ച് നേരിടേണ്ടതാണ്.**

കൂടാതെ loudspeaker box കൾ ഉപയോഗിക്കാൻ പോലീസ് അനുമതി നൽകുമ്പോൾ അവ കവലകളിലും വഴിയോരങ്ങളിലും വയ്ക്കുന്നില്ലെന്നും, പരിപാടി ഒരുക്കിയിട്ടുള്ള സ്ഥലത്ത് അത് ശ്രവിക്കാനെത്തുന്നവരെ കേന്ദ്രീകരിച്ച് മാത്രമാണ് ക്രമീകരിച്ചിരിക്കുന്നതെന്നും, അനുവദനീയമായ ഡെസിബെൽ ലെവൽ, സമയപരിധി എന്നിവ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുകയും, anonymous ആയി വിവരം/പരാതി സ്വീകരിക്കാനും നിയമലംഘനം നടത്തുന്നവർക്കെതിരെ ഉടനടി കർശന നടപടി സ്വീകരിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണം. അതോടൊപ്പം ശബ്ദമലിനീകരണത്തിനെതിരെ കേസെടുക്കാനുള്ള അധികാരം Police Sub Inspector Rank മുതൽ ഉള്ള ഉദ്യോഗസ്ഥർക്ക് നൽകുകയും വേണം. RTI Act Reply No.G1(A)/13865/13 TC dtd. 10.4.2013 പ്രകാരം കോളാമ്പി ഉപയോഗിക്കാൻ അനുവദിക്കുന്ന rule നിലവിലില്ല എന്ന് പൊലീസ് തന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

2002 മുതൽ പലയിടങ്ങളിലേയും ശബ്ദമലിനീകരണത്തിനെതിരെ വിവരം/പരാതി നൽകുകയും ചില കോളാമ്പികളുടെ പ്രവർത്തനം പൂർണ്ണമായും നിർത്തിക്കാനും, പോലീസിൽ നിന്ന് Mike order ലഭിക്കാതെയാക്കാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രതികാരമായി അവസരം കിട്ടുമ്പോഴൊക്കെ loudspeaker box കൾ ഉപയോഗിച്ചുള്ള ശല്ല്യം രൂക്ഷമാക്കുക, വീട്കയറി ആക്രമിക്കുക, ഇലക്ഷൻ പ്രചരണസമയത്ത് loudspeaker box കൾ ഘടിപ്പിച്ച വാഹനം വീട്ടിനുമുന്നിൽ നിറുത്തിയിട്ട് മണിക്കൂറോളം അത്യുച്ചത്തിൽ ശല്ല്യം ചെയ്യുക എന്നീ ദ്രോഹങ്ങൾക്ക് ഇരയാകേണ്ടിവരുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ, Authority യിൽ നിന്നുള്ള written permission ഇല്ലാതെ നിയമവിരുദ്ധമായി കോളാമ്പികൾ ഉപയോഗിച്ച് ബഹു. കോടതി കർശന നിരോധനം ഏർപ്പെടുത്തിയിട്ടുള്ള സമയത്തും അല്ലാത്തപ്പോഴും അരോചകമായി ശല്ല്യം ചെയ്തതിനെതിരെ പലതവണ വിവരം/പരാതി 1090, 2730045, 2563754 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിച്ചെങ്കിലും, സ്വമേധയാ കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിന് പകരം പരാതിക്കാരന്റെ details അന്വേഷിച്ച് വിവരം/പരാതി നൽകുന്നതിൽ നിന്ന് പിൻതിരിപ്പിക്കാനാണ് ഉദ്യോഗസ്ഥർ ശ്രമിക്കുന്നത്, അവസാനം 21.6.2016 രാത്രി 10:15 ന് 2563754 ൽ വിളിച്ച് ഇനിയും നടപടി എടുക്കുന്നില്ലെങ്കിൽ, കളക്ടറെ നേരിട്ട് മൊബൈൽ ഫോണിൽ വിളിച്ച് ഈ കാര്യങ്ങൾ മുഴുവൻ ബോധിപ്പിക്കും എന്ന് പറഞ്ഞതിന് ശേഷമാണ് നിയമവിരുദ്ധമായി കോളാമ്പികൾ ഉപയോഗിച്ച് നടത്തിക്കൊണ്ടിരിക്കുന്ന public nuisance ന്റെ volume എങ്കിലും കുറപ്പിക്കാൻ സാധിച്ചത്. പരാതിക്കാരൻ ഉദ്യോഗസ്ഥർക്ക് നൽകുന്ന തന്റെ details ടി സാമൂഹ്യ/രാജ്യ ദ്രോഹികൾക്ക് സ്വാധീനം ഉപയോഗിച്ച് ശേഖരിക്കാനാകും എന്നതിനാലും, ആക്രമണം ഉൾപ്പെടെയുള്ള പ്രതികാര നടപടികൾ ഉണ്ടാവും എന്ന ഭയത്താലുമാണ് പൊതുജനങ്ങൾ ഇവർക്കെതിരെ പരാതി നൽകാൻ ധൈര്യപ്പെടാത്തതും ഇതുപോലുള്ള നിയമവിരുദ്ധ പ്രവർത്തകർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്തതും.

ആരാധന, പ്രാർത്ഥന എന്നിവ നടത്തുന്നതിന് ബഹു. സുപ്രീം കോടതിയുടെ ടി ഉത്തരവിൽ യാതൊരു തടസ്സവും ഏർപ്പെടുത്തിയിട്ടില്ല, എന്നാൽ ഇവകളിൽ യാതൊരു താൽപ്പര്യവുമില്ലാതെ സ്വഭവനങ്ങളിൽ സ്വൈരമായി കഴിയുന്ന ആബാലവൃദ്ധജനങ്ങൾക്ക് യാതൊരു ശല്ല്യവുമുണ്ടാക്കാതെ അടച്ചുകെട്ടിയ ഹാളിനുള്ളിൽ താൽപ്പര്യമുള്ളവർക്ക് കേൾക്കാൻ വേണ്ടിയാവണമെന്നുമാത്രം. അതുകൊണ്ടുതന്നെ ഈ ഉത്തരവ് നടപ്പാക്കുന്നതിനെ എതിർക്കാൻ ആർക്കും തന്നെ യാതൊരവകാശവുമില്ലാത്തതുമാകുന്നു (Read Quote-2).

Passive Smoking തന്റെ ആരോഗ്യത്തിന് ഹാനികരമാണെന്ന അറിവില്ലാതെ പുകവലിക്കുന്നവരുടെ സമീപത്തിരുന്ന് അവർ പോലുമറിയാതെ അനേകംപേർ രോഗികളായിതീരുന്നു. അതുപോലെ, Noise Pollution ഉം ആരോഗ്യത്തിന് ഹാനികരമാണെന്ന അറിവ് നൽകുന്നതിനുതകുന്ന ലഘുലേഖകൾ സഹിതം, Indian Medical Association (IMA), National Initiative for Safe Sound (NISS), Health Service ലെ Health workers എന്നിവരുടെയെല്ലാം സഹായ സഹകരണങ്ങളോടെ പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും വേണം.

ബഹു. സുപ്രീം കോടതിയുടെ Noise Pollution (Regulation and Control) Rules ജഡ്ജ്മെന്റുകൾ http://www.supremecourtofindia.nic.in ൽ search ചെയ്ത് ശേഖരിച്ച് http://www.art-artist.in/rti/np2000.pdf , http://www.art-artist.in/rti/np2005.pdf , http://www.art-artist.in/rti/np2008.pdf എന്നീ ലിങ്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിലെ ചില പ്രധാനപ്പെട്ട Quote കളാണ് താഴെ ചേർത്തിരിക്കുന്നത്.

**Quote-1** "Undisputedly no religion prescribes that prayers should be performed by disturbing the peace of others nor does it preach that they should be through voice-amplifiers or beating of drums. In our view, in a civilized society in the name of religion, activities which disturb old or infirm persons, students or children having their sleep in the early hours or during day-time or other persons carrying on other activities cannot be permitted. It should not be forgotten that young babies in the neighbourhood are also entitled to enjoy their natural right of sleeping in a peaceful atmosphere. A student preparing for his examination is entitled to concentrate on his studies without their being any unnecessary disturbance by the neighbours. Similarly, old and infirm are entitled to enjoy reasonable quietness during their leisure hours without there being any nuisance of noise pollution. Aged, sick, people afflicted with psychic disturbances as well as children up to 6 years of age are considered to be very sensible to noise. Their rights are also required to be honoured.

Under the Environment (Protection) Act, 1986, rules for noise pollution level are framed which prescribe permissible limits of noise in residential, commercial, industrial areas or silence zone. The question is whether the appellant can be permitted to violate the said provisions and add to the noise pollution? In our view, to claim such a right itself would be unjustifiable. In these days, the problem of noise pollution has become more serious with the increasing trend towards industrialization, urbanization and modernization and is having many evil effects including danger to the health. It may cause interruption of sleep, affect communication, loss of efficiency, hearing loss or deafness, high blood pressure, depression, irritability, fatigue, gastro-intestinal problems, allergy, distraction, mental stress and annoyance etc. This also affects animals alike. The extent of damage depends upon the duration and the intensity of noise. Sometimes it leads to serious law and order problem. Further, in an organized society, rights are related with duties towards others including neighbours."

**Quote-2** "(1) A loudspeaker or a public address system shall not be used except after obtaining written permission from the authority.

(2) A loudspeaker or a public address system shall not be used at night (between 10.00 p.m. to 6.00 a.m.) except in closed premises for communication within, e.g. auditoria, conference rooms, community halls and banquet halls.

(3) Notwithstanding anything contained in sub-rule (2), the State Government may, subject to such terms and conditions as are necessary to reduce noise pollution, permit use of loud speakers or public address systems during night hours (between 10.00 p.m. to 12.00 midnight) on or during any cultural or religious festive occasion of a limited duration not exceeding fifteen days in all during a calendar year."

**Quote-3** “Freedom from noise pollution is a part of the right to life under Article 21 of the Constitution. Noise interferes with the fundamental right of the citizens to live in peace and to protect themselves against forced audience.

There were no loudspeakers in the old days. When different civilisations developed or adopted different faiths or when holy books were written to guide devotees, they did not mention the use of loudspeakers as being vital to spread religious devotion. So the use of loudspeakers cannot be a must for performing any religious act. Some argue that every religion asks its followers to spread its teachings and the loudspeaker is a modern instrument that helps to do this more effectively. They cannot be more wrong. No religion ever says to force the unwilling to listen to expressions of religious beliefs.

In the Bhagavad Gita, Krishna says to Arjuna: "This secret gospel of the Gita should never be imparted to a man who lacks penance, nor to him who is wanting in devotion, nor even to him who lends not a willing ear; and in no case to him who finds fault with Me... He who, offering the highest love to Me, preaches the most profound gospel of the Gita among My devotees, shall come to Me alone; there is no doubt about it" (18.67-68). The gospel should be delivered to only those who enjoy listening to it and who have the patience to do so. It shall never be forced upon those who do not want it.

The holy Qur'an says, "Lakum Deenokum Walia Deen" your religion and belief is for you and my religion and belief is for me. Each stay happy with her own religion and belief. It never says, make others listen to the gospel of your faith by using loudspeakers.”

**Quote-4** “Noise pollution is premised on the basis that a citizen has certain rights being `necessity of silence', `necessity of sleep', `process during sleep' and `rest', which are biological necessities and essential for health. Silence is considered to be golden. It is considered to be one of the human rights as noise is injurious to human health which is required to be preserved at any cost.”

മേൽപ്പറഞ്ഞ കാര്യങ്ങൾ അതീവ ഗൗരവമായെടുത്ത് ആബാലവൃദ്ധജനങ്ങളേയും ബാധിക്കുന്ന ഈ ആരോഗ്യപ്രശ്നത്തിനെതിരെ അടിയന്തിരമായി നടപടികൾ സ്വീകരിച്ച്, ഈ social evil ൽ നിന്നും ശാശ്വതമായ മോചനം പ്രതീക്ഷിച്ച് കഴിയുന്ന ബഹുഭൂരിപക്ഷം സമാധാനകാംക്ഷികളായ ജനങ്ങളെയും സംരക്ഷിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash.S)